## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7189 — 16.07.2012-ൽ മറുപടി നൽകേണ്ടത്

# വില്ലേജ് ഓഫീസ് ജീവനക്കാർക്ക് പരിശീലനം

**ചോദ്യം**

ശ്രീ കെ.ശിവദാസൻനായർ
ശ്രീ തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ വർക്കല കഹാർ
ശ്രീ ഹൈബി ഈഡൻ

**മറുപടി**

ശ്രീ അടൂർ പ്രകാശ്
ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി

| ചോദ്യം | മറുപടി |
|---|---|
| (എ) വിവിധ ആവശ്യങ്ങൾക്കായി വില്ലേജ് ഓഫീസിൽ എത്തുന്ന വരോടുള്ള ജീവനക്കാരുടെ പെരുമാറ്റം സൗഹൃദപരമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ;<br><br>(ബി) ഇതിനായി ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്ന കാര്യം പരിഗണിക്കുമോ; | (എ) യും (ബി)യും<br><br>വിവിധ ആവശ്യങ്ങൾക്കായി വില്ലേജ് ഓഫീസിൽ എത്തുന്ന പൊതുജനങ്ങൾക്ക് സൗഹൃദപരമായ പെരുമാറ്റം ലഭിക്കുന്നതിനായി റവന്യൂ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ വില്ലേജ് ജീവനക്കാർക്ക് പ്രസ്തുത മേഖലയിൽ പ്രത്യേക പരിശീലനം നൽകുന്നതിനുള്ള വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. |
| (സി) ഏതെല്ലാം വിഷയങ്ങളിലാണ് ഇവർക്ക് പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (സി) പേഴ്സണാലിറ്റി ഡെവലപ്മെന്റ്, ഗുഡ് ഗവേണൻസ്, സ്ട്രസ് മാനേജ്മെന്റ്, അഡ്മിനിസ്ട്രേറ്റീവ് എത്തിക്സ്, മാൻ മാനേജ്മെന്റ്, കമ്മ്യൂണിക്കേഷൻ സ്കിൽ, ഇന്റർ പേഴ്സൺ സ്കിൽ എന്നീ വിഷയങ്ങൾ ഉൾപ്പെടുത്തിയാണ് ഈ പരിശീലനം നൽകുന്നത്. സേവനാവകാശനിയമം പ്രാബല്യത്തിൽ വരുന്ന മുറയ്ക്ക് ആയതുകൂടി പരിശീലനത്തിൽ ഉൾപ്പെടുത്തുന്നതാണ്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (ഡി) 2012-13 സാമ്പത്തിക വർഷത്തെ പ്ലാൻഫണ്ടിനത്തിൽ 7 ലക്ഷംരൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. തുക ലഭ്യമാകുന്ന മുറയ്ക്ക് പരിശീലന പ്രവർത്തനം ജില്ലകളിൽ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ